LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. അംഗങ്ങളുടെ ചെലവ്

200 [3171] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ ആകെ എത്ര അംഗങ്ങൾ ഉണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പുതിയ അംഗങ്ങളുടെ തസ്തിക സൃഷ്ടിച്ചു;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിന് വിവിധ ഇനങ്ങളിലായി ആനുകൂല്യം നൽകുന്നതിന് ഒരു വർഷം എത്ര രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ അംഗങ്ങളെ സൃഷ്ടിച്ചതിലൂടെ ഉണ്ടാകുന്ന അധികച്ചെലവ് കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെയർമാനുൾപ്പെടെ ആകെ 18 അംഗങ്ങൾ.

(ബി) മൂന്ന് തസ്തികകൾ.

(സി) ഏകദേശം 4,58,000 രൂപ.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

പി. എസ്. സി. അംഗങ്ങളുടെ നിയമനം

201 [3172] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.യിൽ പുതുതായി എത്ര അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പി. എസ്. സി. അംഗമായി തെരഞ്ഞെടുക്കാൻവേണ്ട അടിസ്ഥാന യോഗ്യത എന്താണ്;

(സി) പുതുതായി പി. എസ്. സി.യിൽ അംഗങ്ങളെ തെരഞ്ഞെടുത്തപ്പോൾ പ്രസ്തുത നിയമം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;